# പുല്ലും പൂച്ചെടിയും

ബിജോയ് ശാമുവേൽ അബുദാബി



# സ്തുതിയും സ്തോത്രവും നന്ദിയും




സൃഷ്ടാവിന് ഒരായിരം സ്തുതിയും സ്തോത്രവും

അവന്റെ സൃഷ്ടികൾക്ക് സ്നേഹം നിറഞ്ഞ ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയും രേഖപ്പെടുത്തുന്നു.

ഇരുനൂറിലധികം രചനകൾ പൂർത്തികരിച്ച് പ്രസദ്ധീകരിക്കാനും അത് നിങ്ങളുടെ കൺമുമ്പിൽ എത്തിക്കാനും സഹായിച്ച വെബ്സൈറ്റുകളുടെ അണിയറ പ്രവർത്തകർക്ക് സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ....

വാക്കുകൾ കൊണ്ടോ ഒരു പുഞ്ചിരികൊണ്ടോ എന്നെ പ്രോൽസാഹിപ്പിച്ച സകല വായന സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

പരിശുദ്ധനായ ഗീവർഗീസ് സഹദായുടെ മദ്ധ്യസ്ഥതയുടെ ഒരു നല്ല സാക്ഷ്യത്തിനായി ഈ രചനകൾ സമർപ്പിച്ചുകൊണ്ട്,

പ്രാർത്ഥനയോടെ

ബിജോയ് ശാമുവേൽ അബുദാബി



‘പുല്ലിനു തുല്ല്യം നരനുടെ നാൾകളഹോ – ഹാലേലുയ്യാ

പൂക്കുന്നിതു വയലിൽ പൂ – ച്ചെടിപോലെ.

വാങ്ങിപ്പോയവരുടെ അല്ലെങ്കിൽ പരേതരുടെ ധൂപപ്രാർത്ഥനയിൽ ഈ കുക്കിലിയോൻ എല്ലാവരും ചൊല്ലിതീർക്കുന്നു. യഥാർത്ഥത്തിൽ നാം നമ്മോട് തന്നെ ഓർമ്മിപ്പിക്കുന്ന ഈ സത്യത്തെ വിശ്വാസികൾ എത്രത്തോളം ഉൾക്കൊള്ളുന്നു. സങ്കീർത്തനങ്ങൾ 103 ന്റെ 13 മുതൽ 15 വരെയുള്ള വചനങ്ങൾ ധ്യാനിച്ച് കൂടുതൽ യഹോവഭക്തി വർദ്ധിപ്പിച്ച് ജ്ഞാനത്തെ നേടാം.

13 *അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ*

*യഹോവയ്ക്ക് തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു*

14 *അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ*

*നാം പൊടി എന്ന് അവൻ അറിയുന്നു*

15 *മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു*

*വയലിലെ പൂപോലെ അവൻ പൂക്കുന്നു*

മനുഷ്യന്റെ ആയുസ്സ് പുല്ലുപോലെയാകുന്നു. അതായത് എന്റെയും നിങ്ങളുടെയും ആയുസ്സ് പുല്ലുപോലെയാകുന്നു. അത് എപ്പോൾ വേണമെങ്കിലും നശിച്ചുപോകാം. എന്നാൽ ദൈവം നമ്മളെ ഓരോരുത്തരെ ഏൽപ്പിച്ചിരിക്കുന്ന വേലകൾ ചെയ്യാതെ സ്വയത്തിൽ ആശ്രയിച്ചാൽ ഗുണത്തിനെക്കാൾ ദോഷമാണ് ഭവിക്കുന്നത്. ഈ കൃപായുഗത്തിൽ ജീവിക്കാൻ ലഭിച്ച അവസരത്തിനായി ദൈവത്തെ സ്തുതിക്കാം. എല്ലാവരോടും സ്നേഹത്തിലും താഴ്മയിലും സഹകരിച്ച് നമ്മുടെ ശരീരത്തെ യേശുവിന്റെ ചലിക്കുന്ന ദൈവാലയം ആക്കി മാററണം. കുറച്ചുകാലം കൂടി ജീവിക്കാൻ സാധിക്കുകയുള്ളു എന്നറിഞ്ഞാൽ പിണക്കമോ വൈരാഗ്യമോ ദേഷ്യമോ ഒന്നും ആരുടെയും മനസ്സിൽ കാണില്ല. മറിച്ച് സ്നേഹവും താഴ്മയും മാത്രം ആകുന്നു. വിശ്വാസികളായ വാങ്ങിപ്പോയവർ ജീവിച്ചിരിക്കുന്ന വിശ്വാസികളായവരോട് മുന്നറിയിപ്പ് നൽകുന്നു. മനുഷ്യാ, നിന്റെ ആയുസ് വെറും പുല്ലുപോലെയാണ്. വയലിൽ മുളച്ചുവരുന്ന പുല്ലും അതിലെ പൂപോലെയാണ് നമ്മുടെ ആയുസും ഭൗതികസുഖങ്ങളും.

ഈ ലോകത്തിലെ സുഖത്തിനായി നാം എത്രയോ ആഗ്രഹിക്കുന്നു, അതിനായി ബദ്ധപ്പെട്ട് അത് നേടിയെടുക്കാനായി ശ്രമിക്കുന്നു. എന്നാൽ സത്യം എന്താണ്? ഈ ലോകത്തെയും അതിലെ സകലത്തെയും സൃഷ്ടിച്ചവനായ ദൈവത്തിന്റെ മക്കളായ നാം, സൃഷ്ടാവിനെ മറന്ന് നശ്വരമായ സൃഷ്ടികളുടെ ഉടമകളായി തീരുന്നതിനും അവയിൽ ആശ്രയിച്ച് നാം ലോകത്തിന്റെയും അതിന്റെ പ്രതാപത്തിന്റെയും അടിമകളായി, ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് ജീവിക്കുവാൻ ഇടയാകുന്നു. സത്യമായ വചനത്തിലൂടെ നാം ആത്മീയമായി ജീവിച്ച് സകലത്തെയും ആത്മീയമായി തന്നെ വിവേചിച്ച് നന്മകളെ മാത്രം സ്വീകരിച്ച് ദൈവത്തെ പ്രസാദിപ്പിക്കണം. കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുന്ന ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ, ഇവിടെത്തെ സകലത്തെയും വെറും ചവറ് എന്ന് എണ്ണി, നാളെത്തെയും അതിന്റെ വേലകളെയും എല്ലാം ദൈവത്തിൽ സമർപ്പിച്ച്, അനുഗ്രഹങ്ങൾ നേടിയെടുത്ത് വിശ്വാസത്തോടെ മുന്നോട്ട് പോകാം. പുല്ലുപോലുള്ള നമ്മുടെ ശരീരത്തിന്റെ ആയുസിനെപ്പററി ബോധ്യമുള്ള വിശ്വാസികളുടെ എണ്ണം വളരെ പരിമിതമാണ്. ഒന്ന് ചിന്തിച്ചുനോക്കുക, സർവ്വത്തിന്റെയും സൃഷ്ടാവായ പിതാവായ ദൈവം, എന്തിനാണ് നമുക്ക് മണ്ണുകൊണ്ട് ഉണ്ടാക്കിയ ഈ ശരീരം (മണ്ണാങ്കട്ട) തന്ന് ഈ ഭൂമിയിലേക്ക് അയച്ചത്.

ആ സത്യം മനസ്സിലാക്കിയാൽ നാം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി തീരും. ഇല്ലെങ്കിൽ ആ സത്യം അറിയാതെ ശരീരത്തെയും അതിന്റെ ഭംഗിയെയും നഷ്ടപ്പെടാതെ, ആകർഷണം വർദ്ധിപ്പിക്കാനായി നാം ബദ്ധപ്പെടുകയും അവസാനം സത്യം അറിയുമ്പോൾ, ധനവാന്റെയും ലാസറിന്റെയും അനുഭവമായി മാറാതിരിക്കാൻ ശ്രദ്ധിക്കേണം. യേശുക്രിസ്തുവിനെ മൂന്നു തവണ തള്ളിപ്പറഞ്ഞതിനുശേഷം, മാനസാന്തരപ്പെട്ട് മൂന്നു തവണ യേശുക്രിസ്തുവിനെ സ്നേഹിക്കുന്നു എന്ന് ഏററു പറഞ്ഞ പത്രൊസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ മനുഷ്യന്റെ ആയുസിനെപ്പററി പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. 1 പത്രൊസ് 1 ന്റെ 23 മുതൽ 25 വരെയുള്ള വചനത്തിൽ അത് പ്രതിപാദിക്കുന്നു. അതിൽ നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത് ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെയാണ്. അത് നമ്മുടെ ആത്മീയമായ ജനനത്തെപ്പററിയാണ് പറയുന്നത്. അത് ഒരിക്കലും മരിക്കുന്നില്ല.

ആ ആത്മീയജീവനിൽ നിന്നാണ് മണവാട്ടിസഭയിലെ അംഗങ്ങളെ അഥാവ മണവാട്ടിയുടെ ശരീരത്തിലെ കോശങ്ങൾ നിർമ്മിക്കുന്നത്. എന്നാൽ ശരീരവും അതിന്റെ സൗന്ദര്യവും നിലനിൽക്കുന്നത് എങ്ങനെയെന്ന് എല്ലാവർക്കും അറിയാം. അതിനെപ്പററി 24-ാം വാക്യത്തിൽ വളരെ വ്യക്തമായി പറയുന്നു. സകലജഢവും പുല്ലുപോലെയും അതിന്റെ ഭംഗി പുല്ലിന്റെയും പൂപോലെയും ആകുന്നു. പുല്ലു വാടി, പൂവുതിർന്നുപോയി. കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു. പരിശുദ്ധാത്മാവ് നിറഞ്ഞ് പത്രൊസ് ശ്ലീഹാ നമ്മളെ ബോധിപ്പിക്കുന്ന ഈ സത്യത്തെ ഉൾകൊണ്ടുവേണം വാങ്ങിപ്പോയവരുടെ കുക്കിലിയോനിൽ സംബന്ധിക്കുവാനും അനുഗ്രഹങ്ങൾ പ്രാപിക്കുവാനും. ഈ ലോകത്തിൽ ആരെയും ആരും ഉപദേശിക്കുന്നത് സാമാന്യജീവിതത്തിന്റെ നിലവാരത്തിന് യോജിച്ചതല്ല. ആയതിനാൽ പുല്ലുകൾ കാണുമ്പോഴും അതിന്റെ പൂവുകൾ കാണുമ്പോഴും അതിന്റെ സൗന്ദര്യം ആസ്വദിക്കുമ്പോഴും ഒരു കാര്യം കൂടി ഓർക്കണം. നമ്മുടെ എല്ലാവരുടെയും ശരീരത്തിന്റെ കാലാവധിയുടെ ദൈർഘ്യം, ഇതിനോട് സമമാണ്.

ലഭ്യമായ സമയത്ത് നന്മകൾ ചെയ്തു ജീവിച്ച് ദൈവത്തെ പ്രസാദിപ്പിച്ച്, കർത്താവിന്റെ മണവാട്ടിയുടെ ശരീരത്തിന്റെ കോശങ്ങളായി തീരാൻ നമുക്ക് ആരാധനകളും നോമ്പുകളും നമസ്ക്കാരങ്ങളും പ്രയോജനപ്പെട്ടെയെന്നു ആശംസിക്കുന്നു. ആയതിനാൽ നശ്വരമായ ഈ ശരീരത്തിന്റെ മഹിമയ്ക്കായി / ഭംഗിയ്ക്കായി അധികം പ്രവർത്തിക്കാതെ, കർത്താവിന്റെ രണ്ടാമത്തെ വരവിൽ ഈ ശരീരം തേജസക്കരിക്കപ്പെട്ട് രൂപാന്തരമായി ഉയിർത്തപ്പെടുവാൻ, നമ്മുടെ ബോധവിചാരഹൃദയങ്ങളെ രാവും പകലും സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ ഉള്ളിൽ എത്തിച്ചേരണം. അതിനായി പ്രാർത്ഥനയും ആരാധനയും വചനപഠനവും ആവശ്യമാണ്. പ്രാർത്ഥനയും സ്തുതികളും സ്തോത്രങ്ങളും കൂടാതെ ദൈവവുമായിട്ടുള്ള ബന്ധം സ്ഥാപിക്കുവാൻ പ്രയാസമാണ്. ആ ബന്ധം ഉറപ്പിച്ച് ഓരോ ദിവസവും നമുക്ക് മുന്നോട്ട് പോകുന്നതിനാണ് ഏഴ് നേരത്തെ യാമപ്രാർത്ഥനകൾ ക്രമികരിച്ചിരിക്കുന്നത്. അത് നമ്മുടെ ആന്തരീകവും ബാഹ്യവുമായ പത്ത് ഇന്ദ്രീയങ്ങളുടെ ശുദ്ധീകരണത്തിനാണ്. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി യേശുക്രിസ്തു നൽകിയ തിരുരക്തവും തിരുശരീരവും നാം യോഗ്യമായി ഭക്ഷിച്ച്, അവന്റെ ജീവൻ എന്നും നമ്മുടെ ഉള്ളിൽ തുടിക്കേണം, കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ.

200th

അങ്ങനെയുള്ള ശരീരം പ്രാണൻ വിട്ടശേഷം, അടക്കം ചെയ്തിരിക്കുന്ന കല്ലറയിലാണ് ധൂപപ്രാർത്ഥന നടത്തുന്നത്. കർത്താവിന്റെ തിരുശരീരരക്തം നമ്മുടെ ശരീരത്തിലുള്ളതുകൊണ്ടാണ് ഒരു വ്യക്തി ഈ ലോകത്തിൽ നിന്ന് വാങ്ങിപ്പോയാലും കല്ലറയിൽ ധൂപം വയ്ക്കുന്നത്, കർത്താവിന്റെ രണ്ടാമത്തെ വരവ് വരെ. നാം സ്വയത്തിൽ ആശ്രയിക്കാതെ നമ്മുടെ എല്ലാ കാര്യങ്ങളും തലയാകുന്ന ദൈവത്തോട് ചോദിച്ച് പരിശുദ്ധാത്മാവിന്റെ നിറവിൽ ലഭിക്കുന്ന വചനപ്രകാരം നാം മുന്നോട്ട് നീങ്ങണം. 1 കൊരിന്ത്യർ 11 ൽ മനുഷ്യൻ തങ്ങളുടെ ആലോചനകളെ നമ്മുടെ മുകളിലുള്ള തലകളോട് ആലോചിച്ച് പ്രവർത്തിക്കേണം എന്നു പറയുന്നു. ഈ വചനം അനുസരിച്ച് പുരുഷന് മൂന്ന് തലകളും സ്ത്രീകൾക്ക് നാല് തലകളും കാണുന്നു. നമ്മുടെ സകല വിചാരങ്ങളും ചിന്തകളും എല്ലാം ഈ തലകളോട് ചോദിച്ച് അനുവാദത്തോട് ചെയ്യേണം.

യാക്കോബ് 1 ന്റെ 9-10 വചനങ്ങൾ പരിശോധിക്കുമ്പോൾ, യാക്കോബ് ശ്ലീഹാ, ഉയർച്ചയെയും ധനത്തെയും പുല്ലിന്റെ പൂപോലെ കാണണമെന്നും എളിമയെയും താഴ്മയെയും നാം പ്രശംസിക്കേണം എന്നാണ്. താഴ്മയെപ്പററി ആലോചിക്കാനും അത് അനുസരിച്ച് ജീവിക്കാനും മനുഷ്യനെ നിർബന്ധിക്കേണ്ടത് ആത്മീയമായ ജ്ഞാനത്താൽ തന്നെയാണ്. നാം എത്ര സൗന്ദര്യമുള്ളവരാണെങ്കിലും എത്ര സമ്പത്ത് ഉണ്ടെങ്കിലും സകലത്തെയും സൃഷ്ടിച്ചവന്റെ മുമ്പിൽ എല്ലാവരും തുല്ല്യരാണ്. കഷ്ടങ്ങൾ സഹിച്ച് നന്മകൾ ചെയ്താൽ അവന്റെ കൂടെ വാഴാം. കഷ്ടങ്ങൾ സഹിക്കാതെ ഈ ലോകത്തിന്റെ മോഹങ്ങൾക്ക് അടിമപ്പെട്ട് ജീവിച്ചാൽ ധനവാന്റെയും ലാസറിന്റെയും അവസ്ഥയാണ്. ധനവാൻ, ദരിദ്രനായ ലാസറിനെ സഹായിച്ചു, പക്ഷേ ധനവാൻ കഷ്ടപ്പാടുകൾ അറിഞ്ഞില്ല. വിശുദ്ധ വേദപുസ്തകവും പ്രവാചകന്മാരെയും സകലവചനവും അറിയാവുന്ന ധനവാന് കഷ്ടങ്ങൾ അന്യമായിരുന്നു. എന്നാൽ ദരിദ്രനായ ലാസറിന്റെ കഷ്ടപ്പാടുകൾ, പ്രയാസങ്ങൾ അവനെ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിലെത്തിച്ചു. അബ്രാഹാമിന്റെ മടിയിൽ എത്തുവാനും സമാധാനത്തോട് സ്വർഗ്ഗീയമായ അനുഭവത്തിനും യോഗ്യനായി.

200th

പുല്ലുപോലെയും പൂപോലെയും ഉള്ള നമ്മുടെ ഈ ലോകത്തിലെ ജീവിതം, എത്രയോ അത്രയും സമാധാനത്തോട് ജീവിക്കുവാൻ നാം എന്തു ചെയ്യണമെന്ന് ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോന്റെ സദൃശ്യവാകൃത്തിൽ 3 –ാം അദ്ധ്യായത്തിൽ 1-2 വാകൃങ്ങൾ നിർദ്ദേശിക്കുന്നു. 'മകനെ എന്റെ ഉപദേശം മറക്കരുത്. നിന്റെ ഹൃദയം എന്റെ കല്പനകളെ കാത്തുകൊള്ളട്ടെ.' കർത്താവിന്റെ ഉപദേശം മറക്കാൻ അവസരങ്ങൾ ധാരാളമുള്ള ഈ ലോകത്തിലാണ് നാം നമ്മൾ ജീവിക്കുന്നത്. ഏദൻതോട്ടത്തിൽ ആദാമിനും ഹവ്വായ്ക്കും അതുതന്നെയാണ് സംഭവിച്ചത്. ദൈവത്തിന്റെ കല്പനകളെ അവർ സൗകര്യംപൂർവ്വം മറന്നു, ഏദന്റെ അനുഭവത്തെ നഷ്ടമാക്കി. മനുഷ്യന്റെ ഹൃദയം ദൈവത്തിന്റെ കല്പനകളാൽ സൂക്ഷിക്കേണം. ഇങ്ങനെയൊക്കെ ചെയ്താൽ ദീർഘായുസ്സും ജീവിതക്കാലത്ത് സമാധാനവും വർദ്ധിപ്പിച്ചു തരുമെന്നാണ് സത്യവചനം പ്രബോധിപ്പിക്കുന്നത്. ദൈവത്തിന്റെ തിരുവചനത്തിൽ ആശ്രയിച്ച് ജീവിക്കുന്നതിന് ധ്യാനം, പ്രാർത്ഥന, ആരാധന, ഉപവാസം, വചനപഠനം, ദാനധർമ്മങ്ങൾ എന്നിവയിൽ നാം നമ്മുടെ ശേഷിക്കനുസരിച്ച് ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കേണം.

ഈ ലോകത്തിൽ നന്മതിന്മകളെ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ ദൈവത്തിന്റെ കാര്യസ്ഥനായ പരിശുദ്ധാത്മാവിൽ ആശ്രയിച്ച് സകലതും ദൈവത്തോട് ചോദിച്ച് ഓരോന്നും അതാതിന്റെ സമയത്ത് കൃത്യമായി ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. ചെയ്യേണ്ടത് ചെയ്യാതിരിക്കുന്നതും ചെയ്യാൻ പാടില്ലാത്തത് ചെയ്യുന്നതും കടങ്ങളും പാപങ്ങളും ആണ്. അതിന് പരിഹാരമായി ഈ പൂപോലുള്ള ജീവിതസമയത്ത്, സകലവും നാം ഏററുപറഞ്ഞ് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി, യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങൾ അനുഭവിച്ച് അവന്റെ മണവാട്ടി സഭയിലെ അംഗങ്ങളായി മാതൃകജീവിതം നയിക്കാം. വിശുദ്ധ യോഹന്നാൻ 5:21 ൽ പറയുന്നത്, കർത്താവ് ഇച്ഛിക്കുന്നവരെ വീണ്ടു ജീവിപ്പിക്കുമെന്നാണ്. ദൈവത്തിന്റെ ഇഷ്ടത്തിനായി ജീവിക്കാം. കർത്താവിന്റെ കല്പനകളിലൂടെ സഞ്ചരിച്ചില്ലെങ്കിൽ ജന്മസാഫല്യം അണയാതെ സമാധാനം ലഭിക്കാതെ അലഞ്ഞുതിരിഞ്ഞ് ജീവിക്കേണ്ടിവരും. പുല്ലുപോലുള്ള ജീവിതത്തെ കർത്താവിൽ സമർപ്പിക്കാം.